# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2684 — 14/02/2013-ൽ മറുപടിയ്ക്ക്

## ഇറിഗേഷൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. പി .ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ജലവിഭല വകുപ്പിന് കീഴിൽ 1995 ന് ശേഷം എത്ര ഇറിഗേഷൻ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ; | എ) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും** - മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ശേഖരിച്ചു വരുന്നു.<br><br>**ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2** - കോട്ടയം ജില്ലയിൽ സർക്കാർ ഉത്തരവ് നം. 13787/IR3/11/WRD തീയതി26/12/12 പ്രകാരം മീനച്ചൽ നദീതട പദ്ധതിയുടെ നടപ്പാക്കലിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ detailed project report 30th June 2013-ന് അകം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ നടപടികൾ നടന്നു വരുന്നു.<br><br>**ചീഫ് എഞ്ചിനീയർ, പ്രോജക്ട്-1-** 1995-ന് ശേഷം പാലക്കാട് ജില്ലയിലെ തൃത്താല റെഗുലേറ്റർ കം ബ്രിഡ്ജ്, പലകപ്പാണ്ടി ഡൈവേർഷൻ സ്കീം എന്നീ പദ്ധതികൾക്കും വയനാട് ജില്ലയിലെ ബാണാസുര സാഗർ ജലസേചന പദ്ധതിയ്ക്കും ഭരണാനുമതി നൽകി. |
| ബി) എത്ര പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; | ബ) തൃത്താല റെഗുലേറ്റർ കം ബ്രിഡ്ജ് 2007-ൽ കമ്മീഷൻ ചെയ്തു. |
| സി) പൂർത്തീകരിക്കാത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | നാല് റീച്ചുകളിലായി നടപ്പിലാക്കിയ പലകപ്പാണ്ടി പദ്ധതിയുടെ മൂന്ന് റീച്ചുകൾ പൂർത്തീകരിച്ചു. നാലാമത്തെ റീച്ചിന്റെ പ്രവർത്തി റിസ്ക് & |

കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് ബാക്കി പ്രവർത്തികൾ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ബാണാസുര സാഗർ പദ്ധതിയുടെ മെയിൻ കനാലിന്റെ രണ്ട് അക്വാഡക്റ്റ് ഒഴികെയുള്ള പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. ശാഖാ കനാലുകളുടെയും ഉപശാഖാ കനാലുകളുടെയും പ്രവർത്തികൾ നടപ്പാക്കി വരുന്നു.

| | |
|---|---|
| ഡി) ഓരോ പദ്ധതിക്കും അനുവദിച്ച അടങ്കൽ തുകയും പദ്ധതി പൂർത്തീകരിക്കാൻ ചെലവായ തുകയും എത്രയെന്ന് വിശദമാക്കുമോ ? | ഓരോ പദ്ധതിക്കും അനുവദിച്ച അടങ്കൽ തുകയും പദ്ധതി പൂർത്തീകരിക്കാൻ ചെലവായ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

ഡി

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക (ഭരണാനുമതി ലഭിച്ചത്) | ചെലവായ തുക |
|---|---|---|---|
| 1 | റെഗുലേറ്റർ കം ബ്രിഡ്ജ്, തൃത്താല | 19 കോടി രൂപ | 44.29 കോടി രൂപ |
| 2 | പലകപ്പാണ്ടി ഡൈവേർഷൻ സ്കീം | 12.90 കോടി രൂപ | പൂർത്തീകരിച്ചിട്ടില്ല |
| 3 | ബാണാസുര സാഗർ പദ്ധതി | 37.88 കോടി രൂപ | പൂർത്തീകരിച്ചിട്ടില്ല |